## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2134 15/07/2011-ൽ മറുപടിക്ക്

### മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളെ ജനറൽ കലണ്ടറിലേയ്ക്ക് മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതു വിദ്യാഭ്യാസ കലണ്ടറിൽ മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളെ ജനറൽ കലണ്ടറിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) കലണ്ടർ മാറ്റം ആവശ്യമുളള സ്കൂളുകൾ മതിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മുസ്ലീം കലണ്ടർ മാറ്റി ജനറൽ കലണ്ടർ ആക്കി ഉത്തരവ് നൽകുന്നുണ്ട്. |
| ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിലെ മുസ്ലീം സ്കൂളുകളെ ജനറൽ കലണ്ടറിലേയ്ക്ക് മാറ്റാൻ കഴിയുമോ; ഏതെങ്കിലും സ്കൂളുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | ബി) കഴിയും. 3 സ്കൂളുകളുടെ അപേക്ഷ ലഭിക്കുകയും ജനറൽ കലണ്ടറാക്കി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ അനുഭവപ്പെടുന്ന കഠിനമായ ചൂട് കാരണം പല എൽ.പി.,യു.പി.സ്കൂളുകളും ഏപ്രിൽ മാസത്തിൽ പ്രവർത്തിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് മനസ്സിലാക്കി ടി താലൂക്കിലെ സ്കൂളുകളെ ജനറൽ കലണ്ടറിലേക്ക് മാറ്റാൻ കഴിയുമോ? | സി) | കഴിയും. നിർദ്ദിഷ്ട രേഖകൾ സഹിതം സമയബന്ധിതമായി ബന്ധപ്പെട്ട ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്ത് അയയ്ക്കുന്ന അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജനറൽ കലണ്ടറിലേക്ക് മാറ്റി ഉത്തരവ്. നല്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ